# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3969** — 25.06.2014-ൽ മറുപടിക്ക്

**സ്വകാര്യ ക്ലിനിക്കൽ ലാബുകളും ആശുപത്രികളും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാപോറ്റി : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികൾ വിവിധ പരിശോധനകൾക്ക് അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികൾ, സ്കാൻ സെന്ററുകൾ എന്നിവയ്ക്ക് മതിയായ നിലവാരം ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) (സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കാനുദ്ദേശിച്ചുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ നിയമമാകുന്നതിന്റെ അവസാന ഘട്ടത്തിലാണ്. ബഹു. കേരള ഗവർണറും മന്ത്രിസഭാ യോഗവും അംഗീകാരം നൽകിയിട്ടുണ്ട്. ബില്ലിന്റെ കരട് പ്രസിദ്ധീകരിക്കുകയും എം.എൽ.എ -മാർക്ക് സർക്കുലേറ്റ് ചെയ്തിരിക്കുകയും ആണ്. പ്രസ്തുത ബിൽ നിയമമാകുന്നതോടെ സംസ്ഥാനത്തെ സ്വകാര്യ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കു മേൽ സർക്കാരിന് വ്യക്തമായ നിയന്ത്രണം ഉണ്ടാകുന്നതാണ്. |
| (സി) സ്വകാര്യ ക്ലിനിക്കൽ ലാബുകൾ, ആശുപത്രികൾ എന്നിവയെ നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണത്തിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ? | |

സെക്ഷൻ ഓഫീസർ